# India's participation in the video conference of SAARC Health Ministers on COVID-19 hosted by Pakistan

April 23, 2020

## കോവിഡ്-19 നെ തുടർന്ന് പാകിസ്ഥാൻ ആതിഥേയത്വം വഹിച്ച SAARC ആരോഗ്യ മന്ത്രിമാരുടെ വീഡിയോ കോൺഫറൻസിൽ ഇന്ത്യയുടെ പങ്കാളിത്തം.

ഏപ്രിൽ 23, 2020

കോവിഡ്-19 നെ തുടർന്ന് 2020 ഏപ്രിൽ 23 ന് പാകിസ്ഥാൻ ആതിഥേയത്വം വഹിച്ച SAARC ആരോഗ്യ മന്ത്രിമാരുടെ വിഡിയോ കോൺഫറൻസിൽ, ഡയറക്ടർ ജനറൽ ഓഫ് ഹെൽത്ത് സർവീസ് ഇന്ത്യയെ പ്രതിനിധീകരിച്ചു. ഇദ്ദേഹത്തെ ന്യൂ ഡൽഹി ഓൾ ഇന്ത്യ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസിലെയും ഇന്ത്യൻ മെഡിക്കൽ റിസർച്ച് കൗൺസലിലെയും വിദഗ്ദ്ധർ അദ്ദേഹത്തെ സഹായിച്ചു. മിക്ക SAARC രാജ്യങ്ങളും ഔദ്യോഗിക നിലയിൽ പ്രതിനിധാനം ചെയ്തിരുന്നു.

മുതിർന്ന ആരോഗ്യ പ്രൊഫഷണലുകളെ ഉൾപ്പെടുത്തി ഇന്ത്യയുടെ ആതിഥേയത്വത്തിൽ നടന്ന വീഡിയോ കോൺഫറൻസിനെ  തുടർന്നാണ് ഈ ഇവന്റ് നടന്നത്, ഇത് കോവിഡ് -19 നെതിരെയുള്ള പ്രാദേശിക സഹകരണത്തെ പ്രചോദിപ്പിക്കുന്നതിനായി ഉല്പാദനക്ഷമവും ഫലങ്ങൾ കേന്ദ്രീകരിച്ചതുമാണെന്ന് തെളിയിക്കപ്പെട്ടിട്ടുള്ളതാണ്.

ഇന്ത്യയുടെ ഭാഗത്തുനിന്ന്, മാർച്ച് 26 ലെ വീഡിയോ കോൺഫറൻസിൽ നടത്തിയ സംക്ഷിപ്ത വിവരണത്തിൽ നിലവിലെ കോവിഡ് -19 അവസ്ഥയെക്കുറിച്ചുള്ള ഇന്ത്യയുടെ സമഗ്രമായ പ്രതികരണത്തെക്കുറിച്ച് വിശദമായ ഒരു വിവരണം അവതരിപ്പിക്കുകയുണ്ടായി,ഇതിൽ അവശ്യവസ്തുക്കളുടെയും മരുന്നുകളുടെയും ഉത്പാദനം വർദ്ധിപ്പിക്കുന്നതും മരുന്നുകളെയും വാക്സിനുകളുടെയും ഗവേഷണത്തിലെ കഴിവുകൾ മെച്ചപ്പെടുത്തുന്നതും ഉൾപ്പെടുന്നു.

യോഗത്തിൽ, സമൂഹത്തിലേക്ക് പരമാവധി എത്തിച്ചേരുന്നതിനു ഇടപെടുന്നതിനും 'ആരോഗ്യസേതു' മൊബൈൽ ആപ്ലിക്കേഷൻ ഉൾപ്പടെയുള്ള പുതിയതും നൂതനവുമായ സാങ്കേതിക വിദ്യ അടിസ്ഥാനമാക്കിയിട്ടുള്ള പരിഹാരമാർഗങ്ങളുടെ വിജയകരമായ ഉപയോഗവും വിശ്വാസയോഗ്യമായ ഭാവിയും ഇന്ത്യ ഉയർത്തികാണിച്ചിരുന്നു.

2020 മാർച്ച് 15 ന് SAARC നേതാക്കളുമായുള്ള പ്രധാനമന്ത്രിയുടെ മോദിയുടെ വിഡിയോ കോൺഫറൻസ്  പ്രദേശത്തെ സഹകരണത്തിന്റെയും ഐക്യദാർഢ്യത്തിന്റെയും വികാരം ശക്തിപ്പെടുകയും പ്രവിശ്യയിയിലെ ജനങ്ങൾക്ക് നേരിടേണ്ടി വരുന്ന പ്രതിസന്ധികൾ കുറയ്ക്കുന്നത് ലക്ഷ്യം വച്ചുകൊണ്ടുള്ള ശക്തമായ തുടർ നടപടികളിലൂടെ കോവിഡ്-19 നെതിരെയുള്ള പോരാട്ടത്തിൽ വളരെയധികം പുരോഗതി

ഉണ്ടാക്കാകുകയും ചെയ്തു. SAARC കോവിഡ് -19 അത്യാഹിത ഫണ്ട് ക്രമീകരിക്കുകയും ഉപയോഗിക്കുകയും , ഗാന്ധിനഗർ SAARC ദുരന്ത നിവാരണ കേന്ദ്രത്തിനായി (SMDC - IU)പ്രത്യേകമായ വെബ്സൈറ്റ് തയാറാക്കുകയും കൂടാതെ ദൃശ്യമായ പ്രായോഗിക നടപടികളിലൂടെ ആരോഗ്യ വ്യാപാര ഉദ്യോഗസ്ഥരുടെ തത്സമയ ഇടപെടലുകൾക്കായുള്ള ശൃംഖലകൾ പ്രചരിപ്പിക്കുകയും ചെയ്യുന്നു.

എല്ലാ SAARC രാജ്യങ്ങൾക്കും ഉപയോഗിക്കുന്നതിനായി 'SAARC കോവിഡ് 19 ഇൻഫോർമേഷൻ എക്സ്ചേയ്ഞ്ച് പ്ളാറ്റ് ഫോം (COINEX) ' എന്ന പേരിൽ ഒരു ഇലക്ട്രോണിക് പ്ലാറ്റ് ഫോം വികസിപ്പിച്ചെടുത്തിട്ടുണ്ട്. അടുത്ത പ്രധാന ചുവട് എന്ന നിലയിൽ, പ്രദേശത്തെ നിയുക്തരായ ആരോഗ്യ ഉദ്യോഗസ്ഥർക്കിടയിൽ കോവിഡ്-19 നെക്കുറിച്ചുള്ള പ്രത്യേകമായ വിവരങ്ങളും ടൂളുകളും കൈമാറ്റം ചെയ്യുന്നതിനായി പ്ലാറ്റ് ഫോം തുടങ്ങുന്നതാണ്. വിവിധ ഓൺലൈൻ പരിശീലന വിഭവങ്ങളും , ഇ-ലേർണിംഗ് മോഡ്യൂലുകളും COINEX വാഗ്ദാനം ചെയ്യുകയും സൗകര്യമൊരുക്കുകയും ചെയ്യുന്നുണ്ട്.

ഇന്ത്യയെ സംബന്ധിച്ചിടത്തോളം പ്രാദേശികമായ നന്മയ്ക്കായി കോവിഡ്-19 നെതിരെയുള്ള കൂട്ടായ പോരാട്ടത്തിൽ അറിവുകൾ, വൈദഗ്ധ്യം, മികച്ച നടപടികൾ എന്നിവ പങ്കു വയ്ക്കുന്നതിനുള്ള ശക്തമായ പ്രതിബദ്ധത പങ്കു വയ്ക്കുന്നതിനുള്ള വേദിയായിരുന്നു ഈ വിർച്ചൽ മീറ്റിംഗ്.

**ന്യൂ ഡൽഹി**
**23 ഏപ്രിൽ, 2020**

DISCLAIMER: This is an approximate translation. The original is available in English on MEA's website and may be referred to as the official press release.